# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1448

22.03.2013 -ൽ മറുപടി നൽകേണ്ടത്

## കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) 2013 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ(ഭേദഗതി) ചട്ടങ്ങൾ 01-02-2013 തീയതിയിലെ സ.ഉ.(എം.എസ്) 46/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ബിൽഡേഴ്സിനു വേണ്ടി ബിൽഡേഴ്സ് ഉണ്ടാക്കിയ ഭേദഗതികളാണിവ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) 2009-ലും 2010-ലും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ മൂലം വ്യവസ്ഥകൾ കൂടുതൽ കർക്കശമാകുകയും ആയത് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുകയും ചെയ്തു. ഈ മേഖലയിലെ നിക്ഷേപം കുറയുകയും ഫ്ലാറ്റുകളുടെയും വീടുകളുടെയും നിർമ്മാണത്തിൽ ഗണ്യമായ കുറവു വരുകയും ചെയ്തു. ഫ്ലാറ്റുകളുടെ നിർമ്മാണത്തിൽ കുറവു വന്നതു മൂലം കൂട്ടായ രീതിയിലുള്ള ജനവാസം കുറയുകയും വില്ലകളുടെ നിർമ്മാണത്തിനും മറ്റും സംസ്ഥാനത്തൊട്ടാകെ കൂടുതൽ ഭൂമിയുടെ ഉപയോഗത്തിന് അത് കാരണമാവുകയും ചെയ്തു. പ്രകൃതിദത്തമായ നിരവധി കുന്നുകൾ, അനധികൃതമായി നിരത്താനും കുളങ്ങളും, വയലുകളും നികത്താനും ഇത് കാരണമായിട്ടുണ്ട്. കൂടാതെ നിരവധി ജലസ്രോതസ്സുകളും കൃഷിഭൂമിയും ഇല്ലാതായി. ഇത്തരമൊരു സാഹചര്യത്തിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചത്. |
| (സി) ചട്ടങ്ങളിൽ വരുത്തിയിരിക്കുന്ന ഭേദഗതി നിർമ്മാണ മേഖലയിലെ ആർക്കെല്ലാം ഏതെല്ലാം തരത്തിൽ ഗുണകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് എന്നറിയിക്കുമോ ; | (സി) സർക്കാർ അംഗീകൃത വൻകിട വികസന പദ്ധതികൾക്കായി പ്രത്യേകം അദ്ധ്യായം (അദ്ധ്യായം X-A) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഇത്തരം സംരംഭങ്ങൾ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുദ്ദേശിച്ചാണ്. ജലമാർഗ്ഗം ചട്ടപ്രകാരമുള്ള വഴിയായി പരിഗണിക്കുന്നതിനുള്ള വ്യവസ്ഥ ദ്വീപുവാസികൾക്കും, നിക്ഷേപസംരംഭകർക്കും സഹായകരമാകുമെന്ന് കരുതുന്നു. നഗരസഭകളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള പക്ഷം ഇ-ഫയലിംഗ് സിസ്റ്റം വഴി അപേക്ഷ |

സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത് സുതാര്യത, സമയക്ലിപ്തത എന്നിവ പാലിക്കുന്നതിന് കൂടുതൽ സഹായകരമാകും.

(ഡി) ചട്ടങ്ങളിലെ ഭേദഗതി നാഷണൽ ബിൽഡിംഗ് റൂൾസിലെ സുരക്ഷാ ക്രമീകരണങ്ങൾ ഒന്നും തന്നെ പാലിക്കാതെയുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) സേഫ്റ്റി, സെക്യൂരിറ്റി തുടങ്ങിയ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും വരുത്താതെയാണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ